**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2090** **12-09-2023 - ൽ മറുപടിയ്ക്ക്**

**മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | 2022-23 വർഷത്തെ സംസ്ഥാന ബജറ്റിൽ 3 കോടി രൂപ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത പദ്ധതിക്കായി 04.01.2023 തീയ്യതിയിലെ ജി.ഒ(ആർ.ടി) നം. 3/2023/കാ.യു.വ. സർക്കാർ ഉത്തരവ് പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 2,79,18,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി കായിക വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ കരാറിലേർപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി കായിക വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ ഒരു ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. ആയതിലേക്കായി 30.01.2023 തീയ്യതിയിൽ ഗവ. ടെക്ക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന് സ്പോർട്ട്സ് കേരള ഫൗണ്ടേഷനിൽ നിന്നും ധാരണാപത്രത്തിന്റെ കരട് അംഗീകാരത്തിനായി അയച്ച് നൽകിയിരുന്നു. എന്നാൽ സ്കൂളിൽ നിന്നും നാളിതുവരെ ഒപ്പിട്ട ധാരണാപത്രം ലഭ്യമായിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ടെണ്ടർ ചെയ്യുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ? | (സി) | 06.05.2023-ലെ ടെണ്ടർ നം. 22/SKF/CE/2023-24 പ്രകാരം ടെണ്ടർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെണ്ടറിൽ രണ്ട് കരാറുകാർ പങ്കെടുത്തെങ്കിലും അതിൽ qualified ആയ ഒരു കരാറുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ 08.06.2023 തീയ്യതിയിൽ ടി പ്രവൃത്തിയ്ക്ക് റീ-ടെണ്ടർ ക്ഷണിക്കുകയും ഇതിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും അതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.സിനോയ് പി.കെ (3.73%) യുടെ ടെണ്ടർ 24.08.2023-ൽ കൂടിയ ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ